ഖുത്ബ നമ്പർ
04
24-01-2014

بسم الله الرحمن الرحيم ○ نحمده ونصلى على رسوله الكريم ○ وعلىٰ عبده المسيح الموعود

ജുമുഅ ഖുത്ബ
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് അൽഖാമിസ് ايده الله تعالىٰ بنصره العزيز
വിവർത്തനം: പി. അബ്ദുന്നാസർ പത്തപ്പിരിയം


Baitul Futuh, London

# സംസ്കരണം: സാമൂഹിക ബാധ്യതയും പരിശ്രമവും

ഇന്നും കഴിഞ്ഞ ഖുത്വുബയിലെ വിഷയം തന്നെ തുടരുന്നതാണ്. മുമ്പ് പറഞ്ഞ കാര്യങ്ങളുടെ വിശദീകരണം, അല്ലെങ്കിൽ അതിന്റെ സൽഫല പ്രാപ്തിക്കായി ശ്രമിക്കാനുള്ള കൂടുതൽ വഴികളെന്തൊക്കെയാണ്, രീതി എന്താണ്. ഇത് മുഖേന നമുക്ക് ജമാഅത്തിൽ ഒരു വലിയ തലത്തിൽ മികവുണ്ടാക്കാൻ കഴിയുന്നതാണ്. ഇതു സംബന്ധമായി ഇന്ന് ചിലത് പറയുന്നതായിരിക്കും. കഴിഞ്ഞ രണ്ട് ഖുത്വുബകളിൽ ഇക്കാര്യം സവിസ്തരം പ്രതിപാദിക്കുകയുണ്ടായി. മൂന്ന് കാര്യങ്ങൾ ഉണ്ടായാൽ കർമ്മപരമായ പരിഷ്ക്കരണം ദ്രുതഗതിയിലും ഉത്തമമായ രീതിയിലും നടക്കുന്നതാണ്. അതായത് ഇച്ഛാ ശക്തിയുണ്ടാവുക. ദീനിന്റെ പശ്ചാത്തലത്തിൽ നോക്കുകയാണെങ്കിൽ അത് വിശ്വാസത്തിൽ ദൃഢത കൈവരുത്തുകയാണ്. രണ്ടാമത്തേത് വൈജ്ഞാനികമായ കുറവ് പരിഹരിക്കുക, മൂന്നാമത്തേത് കർമ്മ ശേഷിയിലുള്ള ബലഹീനത അകറ്റുക. ഞാൻ പറഞ്ഞതുപോലെ ഇതിന്റെ മറ്റു ചില വശങ്ങൾ വിവരിക്കുന്നതായിരിക്കും.

ഹദ്റത് മുസ്ലിഹ് മൗഊദ് رضي الله عنه ഇത് സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. അതിൽ നിന്ന് ചില കാര്യങ്ങൾ ഞാൻ പറയുന്നതാണ്. എന്നാൽ ഇത് സംബന്ധമായി പറയുന്നതും പറയാനാഗ്രഹിക്കുന്നതുമായ കാര്യങ്ങൾ ഉപദേശിക്കാൻ അവസരം കിട്ടുന്ന നമ്മുടെ മുറബ്ബിമാരും നമ്മുടെ പൺഡിതന്മാരും നമ്മുടെ ഭാരവാഹികളും അമീർമാരും തീർച്ചയായും തങ്ങളുടെ മുന്നിൽ വെക്കേണ്ടതാണ്. ഇതവരുടെ ഉത്തരവാദിത്വത്തിൽ പെട്ടതാണ്. ഈ ഭാരവാഹികളിൽ ശാഖാ സംഘടനയുടെ ഭാരവാഹികളും ഉൾപ്പെടുന്നു. തദ്വാര ജമാഅത്തംഗങ്ങളുടെ കർമ്മപരമായ പരിഷ്ക്കരണത്തിൽ പൂർണ്ണമായി തങ്ങളുടെ ഭാഗധേയം നിർവ്വഹിക്കാൻ അവർക്ക് സാധിക്കുന്നതാണ്. ഇത് സംബന്ധമായി സമയാ സമയങ്ങളിൽ ചില കാര്യങ്ങൾ ഞാൻ ജമാഅത്തിന് മുന്നിൽ വെക്കാറുണ്ട്. ഇപ്പോൾ എം.ടി.എ യുടെ അനുഗ്രഹ ഫലമായി ജമാഅത്തംഗങ്ങൾ എവിടെയൊക്കെയുണ്ടോ അവർ എം.ടി.എ മുഖേന ബന്ധപ്പെടുമ്പോൾ എന്റെ കാര്യങ്ങൾ കേൾക്കുകയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത് അവരിൽ സ്വാധീനം ചെലുത്തുകയും ചെയ്യുന്നു. അല്ലെങ്കിൽ ചുരുങ്ങിയ പക്ഷം വലിയ തോതിൽ ജനങ്ങളിൽ അത് സ്വാധീനം ചെലുത്തുന്നു. അതിനാൽ മുറബ്ബിമാരും, അമീർമാരും, ഭാരവാഹികളും ഈ സന്ദേശവും ഇതിനെ അടിസ്ഥാനമാക്കിയുള്ള പ്രോഗ്രാമുകളും നിരന്തരം ജമാഅത്തംഗങ്ങളിലെത്തും വിധം തങ്ങളുടെ പരിപാടികൾ ചിട്ടപ്പെടുത്തേണ്ടതാണ്. തദ്വാര ഓരോ അഹ്മദിയുടെ മനസ്സിലും അവരുടെ പ്രവർത്തന മൺഡലം പ്രകടവും സുദൃഢവുമാക്കേണ്ടതാണ്. ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഉത്തരവാദിത്വമേൽപ്പിക്കപ്പെട്ടവരെല്ലാവരും ഇത് തങ്ങളുടെ ദൃഷ്ടിയിൽ വെക്കേണ്ടതാണ്. വിവരിക്കപ്പെട്ടതുപോലെ പരിഷ്ക്കരണത്തിനുള്ള ഉപാധികളിൽ പ്രഥമ ഭാഗം ഇച്ഛാശക്തിയുടെ ദൃഢതയാണ്. അല്ലെങ്കിൽ മറ്റു വാക്കുകളിൽ ഈമാനാകുന്നു. ഇത് ഉണ്ടാക്കിയെടുക്കുന്നതിനായി പ്രവാചകന്മാർ ലോകത്ത് വരുന്നു. ആ പ്രവാചകന്മാർ നവീനവും സജീവവുമായ ദൃഷ്ടാന്തങ്ങൾ കാണിക്കുന്നു.

ഹദ്റത് മുസ്ലിഹ് മൗഊദ് رضي الله عنه അരുൾ ചെയ്യുന്നു: "നമ്മുടെ ജമാഅത്തിന്റെ പക്കൽ അല്ലാഹുവിന്റെ നവംനവങ്ങളായ ദൃഷ്ടാന്തങ്ങളുടെ ഒരു വലിയ ശേഖരമാണുള്ളത്. ഇത്രയും സാധന സാമഗ്രികളോ മറ്റാരുടേയും പക്കലില്ല. അല്ലെങ്കിൽ ഇതിന്റെ അടുത്തെത്താൻ പോലും അവർക്ക് കഴിയില്ല." മനുഷ്യ ഹൃദയത്തെ എല്ലാവിധ മാലിന്യങ്ങളിൽ നിന്നും എപ്പോഴും ശുദ്ധമാക്കി വെക്കുന്ന ദൈവത്തിന്റെ നവംനവങ്ങളായ ഭാഷണങ്ങളും, ദൈവജ്ഞാനത്താൽ പൂരിതമാക്കുന്ന അവന്റെ സജീവമായ ദൃഷ്ടാന്തങ്ങളും അവന്റെ അസ്തിത്വം ദൃശ്യമാക്കുന്ന അടയാളങ്ങളും ഇസ്ലാമിന് പുറത്ത് ഒരു മതത്തിന്റെ പക്കലും ഇല്ല. ഈ വിശ്വാസമുണ്ടായിട്ടും നവംനവങ്ങളായ ഈ ദൃഷ്ടാന്തങ്ങളുണ്ടായിട്ടും എന്തുകൊണ്ട് നമ്മുടെ ജമാഅത്തിലുള്ളവരുടെ കർമ്മങ്ങളിൽ ബലഹീനതയുണ്ടാവുന്നു.

ഇതു സംബന്ധമായി ഹദ്റത് മുസ്ലിഹ് മൗഊദ് رضي الله عنه തന്റെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. "ഇതിന് കാരണം ജമാഅത്തിലെ പൺഡിതന്മാർ, മുറബ്ബിമാർ, ഉപദേശകർ ഇത് എത്തിക്കുന്നതിൽ വേണ്ട ശ്രദ്ധചെലുത്തിയില്ല എന്നതാണ്." ഹദ്റത് മുസ്ലിഹ് മൗഊദ് رضي الله عنه പറഞ്ഞകാര്യം ഇന്നേക്ക് 75,76 വർഷങ്ങൾക്ക് മുമ്പ് ശരിയായിരുന്നത് പോലെ ഇന്നും ശരിതന്നെയാണ്. ഇതിനെ കുറിച്ച് ചിന്തിക്കേണ്ട ആവശ്യമുണ്ട്. മസീഹ് മൗഊദ് عليه السلام ന്റെ കാലഘട്ടത്തിൽ നിന്നും നാം ദൂരപ്പെട്ടു പോകുന്നതനുസരിച്ച് നമുക്ക് ഇക്കാര്യത്തിൽ പൂർണ്ണമായ ആസൂത്രണത്തോടു കൂടി ശ്രദ്ധ പതിപ്പിക്കേണ്ടതായിട്ടുണ്ട്. അങ്ങ് ഈ പറഞ്ഞത് ഇന്നും ശ്രദ്ധാർഹമാണ്. ഈസാ നബി عليه السلام യുടെ മരണത്തെ കുറിച്ച് വളരെ ശക്തമായി പ്രസംഗിക്കുകയും, ആക്ഷേപകരുടെ ആക്ഷേപങ്ങൾക്ക് തെളിവുകൾക്കുമേൽ തെളിവുകൾ നിരത്തുകയും ആക്ഷേപകരുടെ പൂർവ്വ

മഹാത്മാക്കളുടെ കഥനങ്ങൾ ആക്ഷേപകർക്കു മുന്നിൽ നിരത്തി അവരുടെ വായടക്കുകയും ചെയ്യുന്നു. എന്നാൽ ജമാഅത്തംഗങ്ങളുടെ മുന്നിൽ ജമാഅത്തിന്റെ ശരിയായ അദ്ധ്യാപനം സമർപ്പിക്കാനുള്ള ശ്രമം ഇത്ര കണ്ട് ഉണ്ടായിട്ടില്ല. അല്ലെങ്കിൽ ചുരുങ്ങിയ പക്ഷം പണ്ഡിതന്മാരുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല. തൽഫലമായി ഈസാ നബി عليه السلام യുടെ മരണത്തിനുള്ള തെളിവുകൾ അറിയുന്ന, അല്ലെങ്കിൽ മൗലവിമാരുടെ ആക്ഷേപങ്ങൾക്ക് വായടപ്പൻ മറുപടി നൽകാൻ കഴിവുള്ളവർ ജമാഅത്തിൽ കാണാൻ കഴിയുന്നതാണ്.

ചില ചാനലിനും അല്ലെങ്കിൽ ഇന്റർ നെറ്റിലും മൗലവി മാരുടെ ആക്ഷേപങ്ങൾക്ക് വളരെ നല്ലതും ഉത്തമവുമായ മറുപടി ഒരു സാധാരണ അഹ്മദി പോലും നൽകാറുള്ളത് ഇവിടെയും നിങ്ങൾ കണ്ടുകാണും. എനിക്കും ചിലർ ടി.വി യിൽ നടന്ന തങ്ങളുടെ ചർച്ചകളുടെ റിപ്പോർട്ട് നൽകാറുണ്ട്. തങ്ങളുടെ മറുപടിയും എഴുതാറുണ്ട്. അവരുടെ മറുപടി കളിൽ അധികവും നല്ലതും വൈജ്ഞാനികവുമായിരിക്കും. ഈ അടിസ്ഥാനത്തിൽ നാം ആയുധ സജ്ജരാണ്.

എന്നാൽ ഹദ്റത് മസീഹ് മൗഊദ് عليه السلام അല്ലാഹുവിനെ നമ്മുടെ മുന്നിൽ എങ്ങിനെയാണ് സമർപ്പിച്ചതെന്നും അങ്ങ് ദൈവജ്ഞാനവും സ്നേഹവും കരഗതമാക്കാനുള്ള എന്ത് മാർഗ്ഗമാണ് പറഞ്ഞു തന്നത്, അവന്റെ സാമീപ്യം കരസ്ഥമാക്കാൻ അങ്ങ് ഏതെല്ലാം വാക്കുകളിലൂടെയാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്, അല്ലാഹുവിന്റെ നവീനമായ ഭാഷണങ്ങളും, അവന്റെ മുഅ്ജിസത്തുകളും അടയാളങ്ങളും അങ്ങയിൽ എപ്രകാരമാണ് പ്രകടമായത് എന്നറിയുന്ന വളരെ കുറച്ചുപേരെ മാത്രമേ നമുക്ക് കാണാൻ കഴിയൂ. ഇക്കാരണത്താൽ ചിലപ്പോൾ ഒരാൾ ഈസാ നബിയുടെ മരണത്തിൽ വിശ്വസിക്കുന്നു. അതിനുള്ള തെളിവുകളും അറിയുന്നു. മാതാപിതാക്കളിൽ നിന്ന് അവർക്ക് അഹ്മദിയ്യത്തും കിട്ടിക്കാണും. എന്നാൽ ഇക്കാര്യങ്ങളെ അറിഞ്ഞിട്ടുകൂടി, ഒരു ഭാഗത്ത് ഇതെല്ലാം അറിയുകയും മറു ഭാഗത്ത് ഞാനിപ്പോൾ പറഞ്ഞ കാര്യങ്ങൾ അറിയാത്ത കാരണത്താൽ വിശ്വാസപരമായ ബലഹീനത ഉണ്ടാവുന്നു. ദൈവജ്ഞാനം അല്ലെങ്കിൽ ദൈവത്തിന്റെ നവംനവങ്ങളായ ദൃഷ്ടാന്തങ്ങളും അടയാളങ്ങളും അല്ലെങ്കിൽ അവന്റെ സാമീപ്യം കരസ്ഥമാക്കാനുള്ള മാർഗ്ഗങ്ങൾ ഇവയെ കുറിച്ച് അറിവില്ലാത്ത കാരണത്താൽ വിശ്വാസപരമായ ബലഹീനതയുണ്ടാവുന്നു. ഈമാൻ ചാഞ്ചാടാൻ തുടങ്ങുന്നു. കർമ്മപരമായ ബലഹീനതയും ഉടലെടുക്കുന്നു. നിസ്സംശയം ഈസാനബിയുടെ മരണത്തിന്റെ കാര്യത്തിൽ ഒരാൾ ഉറച്ചയാളായിരിക്കും പറഞ്ഞാൽ ഈ കാര്യം അറിഞ്ഞതു കൊണ്ട് അവരുടെ കർമ്മപരമായ പരിഷ്ക്കരണം നടക്കുകയില്ല.

ആയതിനാൽ ഈ ഭാഗത്ത് ജമാഅത്തിൽ ചില ബലഹീനതകൾ കണ്ടുവരുന്നു. ജമാഅത്തിനു മുന്നിൽ തങ്ങളുടെ മാതൃക കാട്ടാനും പരിഷ്ക്കരണം നടത്താനുമുള്ള ചുമതലയേൽപ്പിക്കപ്പെട്ട നമ്മുടെ ജമാഅത്തിലെ പണ്ഡിത ന്മാരും മുറബ്ബിമാരും, അമീർമാരും ഭാരവാഹികളുമെല്ലാം ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ട വിധം ശ്രദ്ധിക്കുന്നില്ലാ എങ്കിൽ, ഹദ്റത് മസീഹ് മൗഊദ് عليه السلام ന്റെ ആഗമനോദ്ദേശ്യത്തോട് ബന്ധിപ്പിക്കേണ്ട വിധം ജമാഅത്തിലെ ഓരോ വ്യക്തിയേയും ബന്ധിപ്പിക്കാൻ ശ്രമിക്കേണ്ട വിധം ശ്രമിക്കുന്നില്ലായെങ്കിൽ, അതുവരെ ഇച്ഛാശക്തിയുടെ ബലഹീനത കാരണം ജമാഅത്തിലെ ഒരു വിഭാഗം തങ്ങളുടെ പരിഷ്ക്കരണം നടത്താൻ കഴിയാതെ ജമാഅത്തിൽ അധികമായി നിലനിൽക്കുന്നതാണ്. നമ്മിൽ അല്ലാഹുവിനെ ആരാധിക്കണമെന്ന ആഗ്രഹമുള്ള എത്ര പേരുണ്ടെന്ന് വിലയിരുത്തേണ്ട ആവശ്യമുണ്ട്.

റമദാനിൽ ഒരു മാസമല്ല, അല്ലെങ്കിൽ ഒരിക്കൽ ഇഅ്തികാഫ് ഇരുന്ന് പിന്നീട് വർഷം മുഴുവനും അല്ലെങ്കിൽ വർഷങ്ങളോളം ഇത് പറഞ്ഞു നടന്നു കൊണ്ടല്ലാ, മറിച്ച് ദൈവ സാമിപ്യം സ്ഥായിയായി ലഭ്യമാക്കാൻ സ്ഥിരചിത്തത യോടു കൂടി ഈ താൽപര്യവും ആവേശവും തങ്ങളിൽ സന്നിവേശിപ്പിക്കുക. നമ്മളിൽ എത്ര പേരോട് അല്ലാഹു സ്നേഹത്തോട് കൂടി വർത്തിച്ചു കൊണ്ട് ദുആ സ്വീകാര്യത യുടെ അടയാളം കാണിക്കുന്നുണ്ട്, അവരുമായി സംസാരി ക്കുന്നുണ്ട്. ഹദ്റത് മസീഹ് മൗഊദ് عليه السلام നെ വിശ്വസിച്ചു കൊണ്ട് ഈ നിലവാരം നേടിയെടുക്കുക. അല്ലെങ്കിൽ നേടിയെടുക്കാൻ ശ്രമിക്കുക എന്നത് ഓരോ അഹ്മദി യുടേയും ഉത്തരവാദിത്വമാണ്. ഇസ്ലാമിന്റെ പുനർ ജീവനത്തിന്റെ ഈ ഒരു വിപ്ലവമാണ് ഹദ്റത് മസീഹ് മൗഊദ് عليه السلام ഉണ്ടാക്കാനായി വന്നത്.

ഹദ്റത് മസീഹ് മൗഊദ് عليه السلام ന്റെ സ്ഥാനം യഥാർത്ഥ ത്തിൽ എല്ലാവർക്കും അറിയാൻ കഴിഞ്ഞാൽ അങ്ങയുടെ നിയോഗോദ്ദേശ്യം പൂർത്തിയാക്കാനുള്ള ഒരു തുടിപ്പ് എല്ലാവരിലും ഉണ്ടാവുകയാണെങ്കിൽ, അല്ലാഹു ഹദ്റത് മസീഹ് മൗഊദ് عليه السلام ന്റെ കരങ്ങളാൽ എത്ര മഹത്തരങ്ങ ളായ ദൃഷ്ടാന്തങ്ങളാണ് കാണിച്ചിട്ടുള്ളതെന്ന് അങ്ങയെ വിശ്വസിച്ചവരിൽ ധാരാളം പേരെ ദൃഷ്ടാന്തങ്ങൾ കൊണ്ട് കനിയുകയും ചെയ്തിരിക്കുന്നുവെന്നും നമുക്കറിയാൻ കഴിഞ്ഞാൽ നമ്മിലോരോരുത്തരും ഈ സ്ഥാനം കരഗതമാവാൻ ആഗ്രഹിക്കുന്നതാണ്. അതിനായി ശ്രമിക്കുന്നതാണ്. അങ്ങനെ അവരിലൂടെയും ദൃഷ്ടാന്തങ്ങൾ പ്രകടമാവുകയും അവരും അത് ദർശിക്കുകയും ചെയ്യുന്ന താണ്. ദൈവസാമീപ്യം കരഗതമാക്കുന്നതിന് ഒരു പ്രത്യേക ആവേശം ജനിപ്പിക്കും വിധം ഇച്ഛാശക്തി ഉണ്ടായി ത്തീരുന്ന തരത്തിൽ വിശ്വാസ ശക്തിയിൽ ഒരു തെളിച്ച മുണ്ടാകുന്നു.

ഹ: മസീഹ് മൗഊദ് عليه السلام ന്റെ ദൃഷ്ടാന്തങ്ങൾ ഇപ്പോഴും അല്ലാഹു അത് പ്രകടിപ്പിച്ചു കൊണ്ടിരിക്കുന്നു. ഇത് നമ്മുടെ ഹൃദയങ്ങളെ തട്ടിയുണർത്തേണ്ടതായിത്തീരേണ്ടതാണ്. നാമും അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കി അങ്ങയുടേയും, നമ്മുടേയും അങ്ങയുടേയും യജമാനരായ ഹ: മുഹമ്മദ് മുസ്തഫാ ﷺ യുടെയും ബർക്കത്ത് കൊണ്ട് അങ്ങയുടെ എല്ലാ മാതൃകയും തങ്ങളിൽ നടപ്പിൽ വരുത്തിക്കൊണ്ട് അല്ലാഹു നമ്മോട് ഒരു പ്രത്യേക സ്നേഹ പ്രകടനം കാഴ്ച്ചവെക്കുന്ന ഒരു സ്ഥാനത്തേക്ക് എത്തിപ്പെടേണ്ടതാണ്.

ഭൗതിക കാര്യങ്ങളിൽ നാം മറ്റുള്ളവരെ അനുകരിക്കുന്നു.

ആരുടെയെങ്കിലും നല്ല സാധനങ്ങൾ കണ്ട് അത് നേടിയെടുക്കാൻ ആഗ്രഹിക്കുന്നു. അല്ലെങ്കിൽ ശ്രമിക്കുന്നു. അതിനു വേണ്ടി പല രീതികളും അവലംഭിക്കുന്നു. ഇക്കാര്യത്തിൽ ഓരോരുത്തരും തങ്ങളുടെ ചിന്തകൾക്കും കഴിവുകൾക്കുമനുസരിച്ച് പ്രവർത്തിക്കാനും അനുകരിക്കാനും ശ്രമിക്കുന്നു. ആരെങ്കിലും ഭംഗിയുള്ള വസ്ത്രം അണിഞ്ഞത് കാണുമ്പോൾ അവർക്കും അതുപോലുള്ളത് ലഭിക്കണമെന്നും ഉണ്ടാവണമെന്നും ആഗ്രഹിക്കുന്നു. മറ്റു ചിലത് കണ്ടാൽ അതിന്റേയും ആഗ്രഹം ഉടലെടുക്കുന്നു. ഇപ്പോൾ ടി.വി. ലോകത്തെ പരസ്പരം വളരെ അടുത്തെത്തിച്ചതു കാരണം മധ്യവർഗ്ഗക്കാർ മാത്രമല്ല ദരിദ്രർ പോലും ഞങ്ങളുടെ പക്കലും ജീവിതത്തിന്റെ ഇന്ന ഇന്ന സൗകര്യമുണ്ടായിരിക്കണമെന്ന് ആഗ്രഹം ജനിപ്പിക്കുന്നു. ടി.വി.യുണ്ടാകണം, ഫ്രിഡ്ജ് ഉണ്ടാകണം, എന്തുകൊണ്ടെന്നാൽ അവരുടെ പക്കലുണ്ട്. അവരും എന്നെപ്പോലെയല്ലെ? ഇന്നയാൾക്ക് അല്ലെങ്കിൽ സെയ്ദിന് ഈ വസ്തു ഇന്നയാൽ സമ്മാനമായി നൽകിയതാണ്. ആയതിനാൽ എനിക്ക് ഇക്കാര്യത്തിൽ ദുരാഗ്രഹം കാണിക്കാൻ പാടില്ല എന്ന് ചിന്തിക്കുന്നില്ല. ഉടനെ കടം വാങ്ങാൻ ശ്രമിക്കും. സെയ്ദിന് ഈ സാധങ്ങളൊക്കെയുണ്ടെങ്കിൽ എന്റെ പക്കലും ഉണ്ടാവണം പിന്നീട് കടത്തിന് ശ്രമിക്കുന്നു. അല്ലെങ്കിൽ ചിലർക്ക് ചിലയിടങ്ങളിൽ ഇതിനായി സഹായത്തിനുള്ള അപേക്ഷ നൽകുന്ന ശീലമുണ്ടായിരിക്കുന്നു നിസ്സംശയം ജമാഅത്ത് അതിന്റെ കഴിവിന്റെ പരിധിയിൽ നിന്നുകൊണ്ട് ആവശ്യക്കാരുടെ ആവശ്യങ്ങൾ പൂർത്തികരിക്കേണ്ടതാണ്. എന്നാൽ അപേക്ഷ നൽകുന്നവർ പ്രത്യേകിച്ച് പാക്കിസ്ഥാൻ, ഇന്ത്യ, ചില ദരിദ്ര രാഷ്ട്രങ്ങളിലുള്ളവർ ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി മാത്രം അപേക്ഷ നൽകേണ്ടതാണ്. എന്നാൽ തങ്ങളുടെ ആത്മാഭിമാനവും കാത്തു സൂക്ഷിക്കേണ്ടതാണ്. അതേ പ്രകാരം അല്പം സാമ്പത്തിക നില മെച്ചപ്പെട്ടവരും മറ്റുള്ളവരെ കണ്ടുകൊണ്ട് അവരും ചില വസ്തുക്കൾ ആഗ്രഹിക്കുന്നു. അല്ലെങ്കിൽ അനുകരിക്കുന്നു. എവിടെയെങ്കിലും പുതിയ തരത്തിലുള്ള സോഫ കണ്ടാൽ അത് വാങ്ങാനുള്ള ആഗ്രഹം, പുതിയ മോഡൽ ടി.വി കണ്ടാൽ അതു വാങ്ങാനുള്ള ആഗ്രഹം, അതേ പ്രകാരം മറ്റ് ഇലക്ട്രോണിക്സ് ഉപകരണങ്ങൾ കണ്ടാൽ അതു വാങ്ങാനുള്ള ആഗ്രഹം, അല്ലെങ്കിൽ കടം വാങ്ങിയും കാറുകൾ വാങ്ങുന്നു. ഇപ്പോൾ ലോകത്തുള്ള സാമ്പത്തിക മാന്ദ്യത്തിനുള്ള ഒരു വലിയ കാരണം ഇത്തരം സൗകര്യങ്ങൾക്കായി ബാങ്കുകൾ പലിശക്ക് നൽകിയ കടമാണെന്നും ഞാൻ സാന്ദർഭികമായി പറയാൻ ആഗ്രഹിക്കുകയാണ്. പലിശ ഒരു വലിയ ശാപമാണ്. സാധനങ്ങൾ ഒക്കെ വാങ്ങുമ്പോൾ ഇത് അവരെ എവിടെ കൊണ്ട് ചെന്നെത്തിക്കുമെന്ന് നോക്കുന്നില്ല. ഇത്തരം ക്രയങ്ങളും പലിശക്ക് കടം എടുക്കലും കാരണമായാണ് പലരും തുലഞ്ഞു പോയത്.

അനുകരണത്തിന്റെ കാര്യമാണ് പറഞ്ഞു വന്നത്. ജനങ്ങൾ ഭൗതിക കാര്യങ്ങളിൽ അനുകരിക്കുന്നു. അത് നേടിയെടുക്കുന്നതിനായി ഒന്നുകിൽ ആത്മാഭിമാനം പണയപ്പെടുത്തുന്നു. അല്ലെങ്കിൽ തുലഞ്ഞ് തങ്ങളുടെ സ്വത്തുക്കൾ കളഞ്ഞ് കുളിക്കുന്നു. അതായത് ഭൗതിക കാര്യങ്ങളെ അനുകരിക്കുന്നതിൽ നേട്ടം കുറവും നഷ്ടം കൂടുതലുമാണ്. എന്നാൽ ദീനിന്റെ കാര്യത്തിൽ അനുകരണം മസീഹ് മൗഊദ് عليه السلام ഇക്കാലത്ത് നമ്മുടെ മുമ്പിൽ സമർപ്പിച്ചിട്ടുള്ള മാതൃക പോലെ ആയിത്തീരാനുള്ള ശ്രമം, നമ്മിൽ പലരും ദൈവസാമീപ്യത്തിന്റെ മാതൃക കാട്ടിയ സഹാബാക്കളേയും കണ്ടിട്ടുള്ളതാണ്. അവരെ അനുകരിക്കാൻ നാം ശ്രമിക്കുന്നില്ല. ഇവിടെ നഷ്ടത്തിന്റെ പ്രശ്നമേ ഉദിക്കുന്നില്ല മറിച്ച് ലാഭം മാത്രമേയുള്ളൂ. ഒരു മാനദണ്ഡം കൊണ്ടും അളന്നു നോക്കാൻ പറ്റാത്ത വിധമുള്ള നേട്ടം. എന്തുകൊണ്ടാണ് നന്മയിൽ അഭിവൃദ്ധിയുണ്ടാക്കാനുള്ള അനുകരണത്തിന് നാമാരും ശ്രമിക്കാത്തത്. ഒന്നുകിൽ ഇക്കാര്യത്തെക്കുറിച്ചുള്ള അറിവ് നമുക്ക് നൽകപ്പെടുന്നില്ല. ഇക്കാര്യത്തിൽ വേണ്ട അവബോധമുണ്ടാകുന്നില്ല. അല്ലെങ്കിൽ പരിമിതമായ അറിവും, അല്ലെങ്കിൽ ഇന്നും അല്ലാഹു തന്റെ നവംനവങ്ങളായ അടയാളങ്ങൾ മറന്നു പോകും വിധം കാല താമസത്തോടെ നൽകപ്പെടുന്നു. തല്ഫലമായി ഇക്കാര്യത്തിലേക്ക് ഇല്ലാത്തതിന് സമാനമായ ശ്രദ്ധയെ നമുക്കുണ്ടാവുന്നുള്ളൂ. എന്നാൽ ഭൗതിക വസ്തുക്കൾക്കു വേണ്ടി വന്നും പോയും നിൽക്കുമ്പോൾ ടി.വി യിലും പത്രങ്ങളിലും പത്ത് തവണയെങ്കിലും പരസ്യങ്ങൾ കാണുന്നു. ഞാനെങ്ങിനെയെങ്കിലും ഈ വസ്തു വാങ്ങും, അല്ലെങ്കിൽ നേടണം എന്ന വിചാരം മനസ്സിൽ കുടിയിരുത്തുന്നു. ശേഷിയില്ലെങ്കിൽ ഈ സാധനത്തിന്റെ ആവശ്യമെന്തിരിക്കുന്നുവെന്ന് ഉപദേശിക്കുകയും പറയുകയുമൊക്കെ ചെയ്താൽ, വികാര വിചാരങ്ങൾ പാവങ്ങൾക്കുമുണ്ടാവില്ലേ?, ഞങ്ങൾക്കും വികാര വിചാരങ്ങളില്ലേ?, ഞങ്ങളുടെ പക്കൽ ഇന്ന സാധങ്ങളൊക്കെ ഉണ്ടാവണമെന്ന് ഞങ്ങളുടെ മക്കൾക്കും ആഗ്രഹമുണ്ടാവില്ലേ? എന്ന് പൊടുന്നനേ മറുപടി ലഭിക്കുന്നതാണ്. എന്നാൽ ഇൽഹാമുകളെ കുറിച്ചുള്ള കാര്യങ്ങളൊക്കെ കേൾക്കുമ്പോൾ ഞങ്ങളോടും സംസാരിക്കണമെന്നും ഞങ്ങൾക്കു വേണ്ടിയും ദൈവം ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തണമെന്നും തന്റെ സ്നേഹത്താൽ ഞങ്ങളെ കടാക്ഷിക്കണമെന്നുള്ള ആഗ്രഹം ജനിക്കത്തക്ക വിധം വികാരാധീനരാവുന്നില്ല. ഈ ഒരു ചിന്ത ഇല്ലാതിരിക്കാനുള്ള ഒരു വലിയ കാരണം ജമാഅത്തംഗങ്ങളുടെ മുന്നിൽ ദൈവപ്രീതിയാർജിക്കാനുള്ള ശ്രമത്തെക്കുറിച്ച് നമ്മുടെ പണ്ഡിതന്മാരും നമ്മുടെ മുറബ്ബിമാരും നമ്മുടെ ഭാരവാഹികളും താന്താങ്ങളുടെ പരിധിയിൽ നിന്നുകൊണ്ട് നിരന്തരം പരാമർശം നടത്തുന്നില്ല. അല്ലെങ്കിൽ വേണ്ട വിധം പരാമർശിക്കുന്നില്ല. അല്ലെങ്കിൽ അവരിലേക്ക് ശ്രദ്ധയാകർഷിക്കും വിധം അവരുടെ മാതൃകയുണ്ടാവില്ല.

ഹ: മസീഹ് മൗഊദ് عليه السلام നെയും അങ്ങയുടെ സഹാബാക്കളേയും നിരന്തരം പരാമർശിച്ച് ആ മഹാത്മാക്കൾക്കുണ്ടായ ദൈവിക ദൃഷ്ടാന്തങ്ങളുടേയും സഹായത്തിന്റെയും സംഭവങ്ങൾ ശക്തമായി ആവർത്തിച്ച് പറയപ്പെടുന്നില്ല. അല്ലാഹു തന്റെ ഗുണഗണങ്ങൾ ചില പ്രത്യേക കാലത്തിനോ ചില പ്രത്യേക വ്യക്തികളിലോ പരിമിതപ്പെടുത്തിയിട്ടില്ലാ എന്നും മറിച്ച് ഇന്നും അല്ലാഹു തന്റെ സിഫത്തുകൾ പ്രകടമാക്കിക്കൊണ്ടിരിക്കുന്നുവെന്നും ബോധ്യപ്പെടുത്തുന്നില്ല. നിരന്തരം പരാമർശിക്കപ്പെടുകയാണെങ്കിൽ, ഈ ബന്ധം സ്ഥാപിക്കാനുള്ള മാർഗ്ഗം

പറഞ്ഞു കൊടുക്കുകയാണെങ്കിൽ, അല്ലാഹു ഹ: മസീഹ് മൗഊദ് (അ) നോട് ചെയ്ത വാഗ്ദാനങ്ങളെക്കുറിച്ച് പരാമർശിക്കുകയാണെങ്കിൽ അല്ലാഹു നമ്മുടെ ദുഃആ എന്തുകൊണ്ട് സ്വീകരിച്ചില്ല എന്ന ചോദ്യം കുട്ടികളിലും യുവാക്കളിലും ഉണ്ടാവുകയില്ല. അല്ലാഹുമായുള്ള ബന്ധം സുദൃഢമാക്കേണ്ടതുണ്ട്. എങ്കിൽ ദുആ സ്വീകാര്യതയുടെ തത്ത്വവും മനസ്സിലാവുന്നതാണ്. ദൃഷ്ടാന്തങ്ങളും പ്രകടമാകുന്നതാണ്.

ഇക്കാലത്ത് റസൂൽ (സ) യുടെ യഥാർത്ഥ ദാസനുമായി ചേർന്നുകൊണ്ട് മാത്രമേ അല്ലാഹുവുമായുള്ള സാമീപ്യം സ്ഥാപിച്ചെടുക്കാൻ സാധിക്കുകയുള്ളൂവെന്നും പറഞ്ഞു കൊടുക്കേണ്ടതാണ്. ദൃഷ്ടാന്തങ്ങൾ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ കാലത്തേക്ക് മാത്രം പ്രത്യേകപ്പെടുത്തുകയോ പരിമിതപ്പെടുത്തുകയോ ചെയ്തിട്ടില്ലായിരുന്നു. മറിച്ച് ഇപ്പോഴും അല്ലാഹു സകല ശക്തിപ്രഭാവത്തൊടും കൂടി തന്നെ പ്രകടമാക്കിക്കൊണ്ടിരിക്കുന്നു. നന്മയാർജ്ജിക്കാനുള്ള ആവേശവും, ദൈവസാമിപ്യം കരസ്ഥമാക്കാനുള്ള ആവേശവും നമ്മുടെ ജമാഅത്തിൽ സർവ്വ സാധാരണമായാൽ തിന്മയെ വലിയ തോതിൽ ഉപേക്ഷിക്കുന്ന വലിയൊരു വിഭാഗം തന്നെ രൂപം കൊള്ളുന്നതായിരിക്കും. തിന്മയെ പൂർണ്ണമായും വിപാടനം ചെയ്യുക എന്നത് അത്യന്തം ദുഷ്ക്കരമാണ്. ഇങ്ങനെ ഒരു അവകാശവാദം ഉന്നയിക്കാൻ കഴിയില്ല. എന്നാൽ ഒരു വലിയ പരിധിവരെ തിന്മയെ അതിജയിക്കാൻ സാധിക്കുന്നതാണ്. ജമാഅത്തിലെ ഒരു വലിയ ഭാഗം തിന്മയ്ക്കുമേൽ വിജയം വരിച്ചവരായിത്തീരുന്നതാണ്. ആക്കിത്തീർക്കാവുന്നതാണ്. ഇതിനായി നമ്മുടെ മുറബ്ബിമാരും അമീർമാരും ഭാരവാഹികളും തങ്ങളുടെ പരിധിയിൽ നിന്നുകൊണ്ട് പരിഷ്ക്കരണ ശ്രമം നടത്തേണ്ടതാണ്.

ഹദ്റത് മസീഹ് മൗഊദ് (അ) നെ പൂർണ്ണമായി പിൻപറ്റുന്നവർ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുമെന്ന് അല്ലാഹു അങ്ങയോട് പറഞ്ഞിട്ടുണ്ടെന്ന് പറഞ്ഞുകൊണ്ട് പരിഷ്ക്കരണത്തിന് ശ്രമിക്കേണ്ടതാണ്. അത്തരക്കാരുടെ അധികം ദുഃആകളും അല്ലാഹു കേൾക്കുന്നു. ജമാഅത്തിൽ അത്തരക്കാരുണ്ട് എന്നുള്ളത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. എനിക്ക് എഴുതിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അത്തരക്കാരുടെ ചില സംഭവങ്ങൾ പല അവസരങ്ങളിലും ഞാൻ പരാമർശിക്കാറുമുണ്ട്. ഇത്തരം സംഭവങ്ങൾ അനുകരണ പ്രേരിതങ്ങളാവേണ്ടതാണ്. ഇത്തരം സംഭവങ്ങൾ കേട്ടുകൊണ്ട് ഈ അവസ്ഥ തങ്ങളിലും ഉണ്ടാക്കിയെടുക്കുന്നതിനായി അനുകരിക്കേണ്ടതാണ്. തദ്വാര അല്ലാഹുവുമായി സൗഹൃദ ബന്ധം നിലനിൽക്കുന്നതാണ്.

ഹ: മസീഹ് മൗഊദ് (അ) ഒരവസരത്തിൽ പറയുകയാണ്. "ലോകത്ത് എത്ര സമൂഹങ്ങളുണ്ടോ അതിൽ ദൈവം മറുപടി പറയുന്നുവെന്ന് അംഗീകരിക്കുന്ന ഒരു സമൂഹവും ഉണ്ടായിട്ടില്ല. ഞാൻ യേശുവിനെ ദൈവമായി വിശ്വസിക്കുന്നുവെന്നും അവൻ എന്റെ പ്രാർത്ഥനകൾ കേൾക്കുകയും മറുപടി നൽകുകയും ചെയ്യുന്നുവെന്നും ഒരു ക്രിസ്ത്യാനിക്ക് പറയാൻ കഴിയുമോ.? ഒരിക്കലുമില്ല. ഖുർആൻ സമർപ്പിച്ച ഇസ്‌ലാമിന്റെ ദൈവം ഒന്നുമാത്രമാണ് സംസാരിക്കുന്ന ദൈവം ادْعُونِيٓ أَسْتَجِبْ لَكُمْ എന്നാണ് അവൻ പറഞ്ഞത്. നിങ്ങൾ എന്നെ വിളിക്കുക ഞാൻ നിങ്ങൾക്ക് മറുപടി നൽകുന്നതാണ്.

ഒരാൾ ഒരുകാലം വരെ സദുദ്ദേശ്യത്തോടെയും ഹൃദയ പരിശുദ്ധിയോടും കൂടി അല്ലഹുവിൽ വിശ്വസിക്കുകയും പരിശ്രമിക്കുകയും ദുഃആയിൽ വ്യാപൃതനാവുകയും ചെയ്യുകയാണെങ്കിൽ അവസാനം അവരുടെ ദുഃആകൾക്കുള്ള മറുപടി തീർച്ചയായും നൽകപ്പെടുന്നതാണെന്നത് ഒരു യഥാർത്ഥ്യമാണ്. ഇക്കാര്യങ്ങൾ നിരന്തരം ജമാഅത്തിന് മുന്നിൽ വിവരിക്കപ്പെടുകയാണെങ്കിൽ തീർച്ചയായും അവരിൽ ശക്തിയുണ്ടാവുന്നതാണ്. അല്ലെങ്കിൽ ജമാഅത്തിൽ ഭൂരിഭാഗം പേരിലും ഈ ശക്തി ഉണ്ടാവുന്നതാണ്. ആയിരക്കണക്കിന് തിന്മകൾക്കുമേൽ വിജയം വരിക്കുകയും അതിൽ നിന്നും എന്നെന്നേക്കുമായി സുരക്ഷിതമാകും വിധം അവരുടെ ഇച്ഛാ ശക്തി ബലപ്പെടുന്നതാണ്. ഒരിക്കലും ആടിയുലയാത്ത ഒരു ബന്ധം അല്ലാഹുവുമായി ഉണ്ടാകുന്നതാണ്.

മനുഷ്യനെ തിന്മയിൽ നിന്നും രക്ഷിക്കുകയെന്നുള്ളതായിരുന്നു മസീഹ് മൗഊദ് (അ) ന്റെ നിയോഗോദ്ദേശ്യം അല്ലാഹുവിന്റെ പ്രീതിക്ക് എല്ലാ കാര്യത്തിലും മുൻഗണന ലഭിക്കും വിധം അല്ലാഹുവുമായി ഒരു ബന്ധം സ്ഥാപിതമാകുന്നതാണ്. ആരാധനയിൽ നിന്നും രക്ഷപ്പെടാനുള്ള ഉപാധികൾ കണ്ടെത്തുന്നതിന് പകരം, നിർബന്ധമാണെന്ന് കരുതി ധൃതിയിൽ നിർവ്വഹിക്കുന്നതിനുപകരം, തലയിലുള്ള ഭാരം എന്ന രീതിയിൽ ഇറക്കി വെക്കുന്നതിന് പകരം ഒരു അഭിനിവേശം രൂപപ്പെടേണ്ടതാണ്. അഹ്മദിയ്യത്ത് ജനങ്ങളിൽ കർമ്മപരമായ എന്ത് പരിവർത്തനമാണ് ഉണ്ടാക്കിയത് എന്നതിന് ഇപ്പോൾ ചില ഉദാഹരണങ്ങളും ഞാൻ നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നതാണ്.

കിർഗിസ്ഥാനിലെ നമ്മുടെ മുബല്ലിഗ് എഴുതുന്നു, പ്രായം ചെന്ന ഒരഹ്മദിയായ ബഹുമാന്യ ഉമർ സാഹിബ് 2002 ജൂൺ 10 ന് ബൈഅത്ത് ചെയ്തു. 58 വയസ്സ് പ്രായമാണ്. ജന്മനാ മുസ്‌ലിമായിരുന്നു. എന്നാൽ കമ്യൂണിസ്റ്റ് സിദ്ധാന്തത്തിന്റെ അനുഭാവിയായിരുന്നു. ബൈഅത്തിനെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ വൈകാരികത അദ്ദേഹം ഇപ്രകാരം വിവരിക്കുന്നു. പറയുന്നു: " ബൈഅത്തിന് വേണ്ടി കത്തെഴുതിയ ദിവസം എന്റെ ജീവിതത്തിലെ സ്മരണീയമായ ഒരു സുദിനമായിരുന്നു. ആ ദിവസത്തെ ഞാൻ എന്റെ ജീവിതത്തിലെ പുനർജന്മമായി കരുതുന്നു. ഇതിന് മുമ്പ് ഞാൻ എല്ലാ ദീനി ജമാഅത്തുകളുടേയും അടുത്ത് പോയി എന്നാൽ എന്റെ ജീവിതത്തിൽ പ്രത്യേകമായ ഒരു മാറ്റവും ഉണ്ടായില്ല. എന്നാൽ ബൈഅത്തിന് ശേഷം എന്റെ ജീവിതത്തിൽ ശരിയായ ആത്മീയ വിപ്ലവം സംജാതമാവുകയുണ്ടായി. " അതിന് വലിയ കാരണമായി അദ്ദേഹം പറഞ്ഞത്, ബൈഅത്തിന് മുമ്പ് നമസ്കാരം എനിക്ക് തീർത്തും അജ്ഞാതമായിരുന്നു. എന്നാൽ ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഞ്ചുനേര നമസ്കാരം എന്റെ ജീവിതത്തിന്റെ അനിവാര്യ ഘടകമായിരിക്കുകയാണ്. തഹജ്ജുദിൽ വീഴ്ച്ചവരുത്തുകയെന്നത് ദുഷ്ക്കരവും.

സത്യമന്വേഷിച്ച് മനുഷ്യൻ ഇറങ്ങിത്തിരിച്ചാൽ അവൻ തീർച്ചയായും ലക്ഷ്യം കണ്ടെത്താൻ കഴിയുമെന്നുള്ള ദൃഢ വിശ്വാസവും ഇന്നെനിക്കുണ്ട്. ആ ലക്ഷ്യത്തിലെത്തിയാൽ മാത്രമേ അവന്റെ യഥാർത്ഥ ആത്മീയ ശിക്ഷണം സാധ്യമാവുകയുള്ളൂ. അവന് അഭിവൃദ്ധിയുണ്ടാവുകയുള്ളൂ. ഈ സമയമാണ് യഥാർത്ഥത്തിൽ അവരുടെ ഹൃദയശാന്തി യുടെ സമയം. ഈ ഒരു വിപ്ലവമാണ് പുതുതായി വരുന്ന ജനങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ആഫ്രിക്കയിലെ കോക്കൊണോയിലെ നമ്മുടെ മുബല്ലിഗ് ശരീഫ് സാഹിബ് എഴുതുന്നു. ഇദ്‌രീസ് സാഹിബ് ആർമിയിൽ ലഫ്റ്റനന്റ് പദവിയിലുള്ള ആളാണ്. 2013 ൽ ഇദ്ദേഹം ബൈഅത്ത് ചെയ്തു. താൻ അഹ്മദിയ്യത്ത് സ്വീകരിച്ച് സംഭവം വിവരിക്കുന്നു. എന്റെ ജനനം മുസ്‌ലീങ്ങളുടെ പെരുന്നാൾ ദിവസമായിരുന്നു. മുശ്‌രിക്കായ എന്റെ പിതാവ് വളർത്തുമ്മയോട് “ഇവന് മുസ്‌ലിം പേർ നൽകുക” എന്ന് പറഞ്ഞു. ആഫ്രിക്കയിൽ ജനിക്കുന്ന ദിവസവുമായി ബന്ധപ്പെട്ട പേര് വെക്കുന്ന രീതിയുണ്ട്. ചില പ്രത്യേകതകൾ കാരണം ചില പേരുകൾ വെക്കുന്നു. “പെരുന്നാൾ ദിവസം ഞാൻ ജനിച്ചതിനാൽ മുശ്‌രിക്ക് ആയിരുന്ന എന്റെ പിതാവ്, മുസ്‌ലിം പേർ വെക്കാനും ഇവനെ നമുക്ക് മുസ്‌ലിമാക്കണമെന്നും പറഞ്ഞു.”

പറയുന്നു, “ചെറുപ്പകാലത്ത് കുറച്ചു നാൾ ഞാൻ പള്ളിയിൽ പോയികൊണ്ടിരുന്നു. എന്നാൽ ഒരു ദിവസം ജുമുഅ കഴിഞ്ഞ് മടങ്ങുമ്പോൾ വീണ് മുറിവ് പറ്റി. ദൈവത്തെ ആരാധിച്ചതിനു ശേഷവും എനിക്ക് മുറിവ് പറ്റിയല്ലോ എന്ന് കരുതി ആരാധന ഉപേക്ഷിച്ച് ഞാൻ കൃസ്ത്യാനിയായി. ചിലപ്പോൾ ഒരു ചർച്ചിൽ പോകും മറ്റു ചിലപ്പോൾ മറ്റു ചർച്ചിൽ പോകും ക്രിസ്തുമതത്തിലും ഞാൻ അവാന്തര വിഭാഗങ്ങളിലേക്ക് പോയികൊണ്ടിരുന്നു. എന്നാൽ എന്റെ പ്രശ്‌നങ്ങൾ അധികരിച്ചു വന്നു. ഭാര്യയോടും കലഹ മുണ്ടായി. സമാധാനം നഷ്ടപ്പെട്ടു. എപ്പോഴും അസ്വസ്ഥത നായിരുന്നു. എന്റെ മാതാപിതാക്കളും മുതിർന്നവരും എന്റെ കുടുംബ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുകയുണ്ടായി. ഒരുപാട് യോഗങ്ങളും ചർച്ചകളും നടന്നു. രഞ്ജിപ്പുണ്ടാക്കാ നുള്ള ഒരുപാട് ശ്രമങ്ങൾ നടന്നു. എന്നാൽ സകലതും നിഷ്പ്രയോജനമായി. ഈ അവസ്ഥയിൽ ജമാഅത്തിലെ ദായീ ഇലല്ലാഹ് ആയ മുഹമ്മദ് സാഹിബ് എന്നെ കാണുകയുണ്ടായി. എന്റെ അവസ്ഥ അറിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: “ എല്ലാ കുറിപ്പടികളും നീ പരീക്ഷിച്ചു നോക്കി, മുസ്‌ലിമായി, ക്രിസ്ത്യാനിയായി, പ്രശ്നങ്ങൾ അധികരിച്ചു വന്നു, പരിഹരിപ്പെട്ടില്ല. വീടിന്റെ പരിധിയിലും, ഗ്രാമസഭയിലും പരിഹരിക്കാൻ ശ്രമം നടന്നു. എന്നാൽ ഒരു ഫലവുമുണ്ടായില്ല. ഇനി ഞാനൊരു കുറുപ്പടി നിനക്ക് പറഞ്ഞു തരാം, ഈ കുറിപ്പടി പരീക്ഷിച്ചു നോക്കുക, ഇതിന് എന്ത് ഫലമാണുണ്ടാകുന്നതെന്നും നോക്കുക. അത് ദുഃആ ചെയ്യലാണ്. ഞങ്ങളുടെ മതത്തിൽ സത്യതയ്ക്കുള്ള തെളിവ് ഇതിൽ വിശ്വസിക്കുന്നവരുടെ ദുഃആകൾ സ്വീകരിക്കപ്പെടുന്നു എന്നതാണ്. നീയും നിനയ്ക്കായി ദുഃആ ചെയ്യുക. അല്ലാഹു നിനക്കും നിന്റെ ഭാര്യക്കും ഇടയിൽ രഞ്ജിപ്പും സൽപ്പെരുമാറ്റവും ഉണ്ടാക്കുവാനായി ഞാനും ദുഃആ ചെയ്യുന്നതാണ്. നീ ആത്മാർത്ഥമായി ദുഃആ ചെയ്യേണ്ടതാണ്. ഞാനും നിനയ്ക്കായി ദുഃആ ചെയ്യുന്ന താണ്. അങ്ങിനെ ഇത് സംഭവിച്ചു കഴിഞ്ഞാൽ, നിങ്ങളുടെ പ്രശ്നം പരിഹരിപ്പെട്ടാൽ ഓർത്തുകൊള്ളുക ഇത് ഞങ്ങളുടെ ഇമാമിന്റെ സത്യതയ്ക്കുള്ള തെളിവായിരിക്കും.”

“അങ്ങനെ ഒരു പാട് ദിവസം ദുഃആ ചെയ്യുകയുണ്ടായി. ഈ ദുഃആയുടെ ഫലമായി എന്റെ ഓരോ പ്രശ്നങ്ങളും പരിഹരിക്കപ്പെടാൻ തുടങ്ങി. ഭാര്യയുമായി രഞ്ജിപ്പുണ്ടായി. ദൈവത്തെ ലഭ്യമാകുന്ന ഇസ്‌ലാമിന്റെ യഥാർത്ഥ മാർഗം ഇത് തന്നെയാണ്. ദുഃആകൾ സ്വീകരിപ്പെടുന്നു, ഇപ്പോൾ എന്റെ അവസ്ഥ ആകെ മാറി മറിഞ്ഞിരിക്കുകയാണ്.”

ഇത് കാലത്തിന്റെ ഇമാം ഹ: മസീഹ് മൗഊദ് عليه السلام ന്റെ സത്യതയ്ക്കുള്ള തെളിവാണ്. അങ്ങയെ വിശ്വസിക്കുന്ന തിലാണ് രക്ഷയുള്ളത്, ഇതൊരു പുതിയ അഹ്മദിയാണ്. തങ്ങളെ പഴയ അഹ്മദി കുടുംബങ്ങളുമായി ബന്ധിപ്പിക്കുന്ന വർക്കും ഇതിൽ വലിയ പാഠമുണ്ട്. എന്നാൽ അവരുടെ വീടുകളിൽ അസ്വസ്ഥതയാണ്. ചില വീടുകൾ അസ്വസ്ഥത കൊണ്ട് പൊറുതി മുട്ടിക്കൊണ്ടിരിക്കുകയാണ്. ചില കത്തുകൾ എനിക്ക് വന്ന് കൊണ്ടിരിക്കുന്നു. ഭർത്താവ് ഭാര്യയോടുള്ള കടമകൾ നിറവേറ്റുന്നില്ല. ഭാര്യ ഭർത്താവി നോടുള്ള കടമകൾ നിറവേറ്റുന്നില്ല. ഈമാനിൽ ദൃഢതയുണ്ടാക്കി കർമ്മപരമായ പരിഷ്‌ക്കരണത്തിന് ശ്രമിക്കുകയാണെങ്കിൽ, അല്ലാഹുവിന് മുമ്പിൽ കുനിയുക യാണെങ്കിൽ ഈ പ്രശനങ്ങൾ സ്വയമേവ പരിഹരിക്ക പ്പെടുന്നതായിരിക്കും. ഈയൊരു രീതി എല്ലാവരും പരീക്ഷിച്ച് നോക്കേണ്ടതാണ്. തങ്ങളുടെ തൻപ്രമാണിത്തം വിട്ടുകൊണ്ട് അവർ ഇന്നത് പറഞ്ഞാൽ ഞാൻ ഇന്നത് പറയും, അവർ അങ്ങനെ പറഞ്ഞാൽ ഞാൻ ഇങ്ങനെ പറയും എന്ന് മുമ്പേ തന്നെ തീരുമാനിച്ചിട്ടുണ്ടാവും. ഇതെല്ലാം ഉപേക്ഷിച്ച് ആത്മാർത്ഥമായി അല്ലാഹുവിനോട് സഹായം തേടേണ്ടതാണ്. അങ്ങനെയാണെങ്കിൽ മാത്രമേ അല്ലാഹു യഥാർത്ഥ മാർഗം കാണിച്ച് തരുകയുള്ളൂ. ഹദ്റത് മസീഹ് മൗഊദ് عليه السلام മുഖേന ദൈവ സഹായത്തിന്റെ ദൃശ്യങ്ങൾ അല്ലാഹു ഇക്കാലത്തും നമ്മെ കാണിച്ച് കൊണ്ടിരിക്കുന്നു.

ഇത് സംബന്ധിച്ച് ഞാൻ ചിലത് പറയാൻ ആഗ്രഹിക്കു കയാണ്. നമ്മുടെ സർക്കിൾ മിഷനറി ടേച്ചിമാൻ ഖാനയിലെ മുഅല്ലിം എഴുതുന്നു. കോറോ ബൂറാ ഗ്രാമത്തിലെ ഒരു പുതിയ അഹ്മദി ചികറെ ഇലാ സാഹിബ് എന്റെയടുത്ത് വന്നു പറഞ്ഞു: “ഇത് കൃഷിയിറക്കുന്ന കാലമാണ് അമുസ്‌ലിം ബിംബാരാധകരായ എന്റെ ഗ്രാമക്കാർ എന്റെ അടുത്ത് വന്ന് ജാം കൃഷിയിൽ (ഇത് ആഫ്രിക്കയിലുള്ള അവർ ഭക്ഷിക്കുന്ന ഒരു വിളവാണ്. ഇവിടെയുമുണ്ടിത്.) ബിംബങ്ങളുടെ അനുഗ്രഹത്തിൽ നല്ല വിളവുണ്ടാകുന്നതിന് നേർച്ച നൽകാൻ പറഞ്ഞു. മുഅല്ലിം പറയുന്നു: “ബിംബ ങ്ങളിൽ നിന്നും അകന്നു നിൽക്കുക. പിതാവിനേയും അകറ്റി നിർത്തുകയെന്ന് ഞാൻ പറയുകയും അദ്ദേഹത്തെ ഇസ്തിഖാറ ദുഃആ പഠിപ്പിക്കുകയും ചെയ്തപ്പോൾ വിളവെടുപ്പിന്റെ അവസരത്തിൽ ഈ യുവാവിന് നല്ല വിളവ് ലഭിച്ചു. മുശ്‌രിക്കായിരുന്ന പിതാവിനെ അപേക്ഷിച്ച് അയാൾക്ക് അധികവും നല്ലതുമായ വിളവ് ലഭിച്ചു. ഈ അടയാളം കണ്ടുകൊണ്ട് അദ്ദേഹത്തിന്റെ പിതാവ് തന്റെ

മകന്റെ ദൈവം സത്യദൈവമാണെന്ന് പറയുകയുണ്ടായി. അങ്ങിനെ അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്ന സകല ബിംബങ്ങളും അഗ്നിക്കിരയാക്കി. മസീഹ് മൗഊദ് عليه السلام നെ വിശ്വസിക്കുന്നതുകൊണ്ട് പുതിയ അഹ്മദികളിൽ ഉണ്ടായിരക്കൊണ്ടിരിക്കുന്ന ഈമാന്റെ ദൃഢതയാണിത്.

കെനിയ എൽഡ്രേറ്റിലെ നമ്മുടെ മുബല്ലിഗ് എഴുതുന്നു, അഹ്മദിയ്യത്തിന്റെ എതിരാളികൾ പള്ളിയുടെ ചുറ്റുവട്ടത്തുണ്ടായിരുന്നു. ഒരാൾ അദ്ദേഹത്തിന്റെ ഓഫീസിൽ എങ്ങിനെയോ കയറിപ്പറ്റി യഥാർത്ഥത്തിൽ അയാൾ അവിടത്തെ മുൻ ജീവനക്കാരനായിരുന്നു. അവിടെ വരാറുമുണ്ടായിരുന്നു. ചില പ്രശ്നങ്ങൾ കാരണം അയാളെ പിരിച്ചു വിടുകയുണ്ടായി. ഓഫീസിൽ കയറിപ്പറ്റി അതിന്റെ സീലിംഗിനുള്ളിൽ നിരോധിക്കപ്പെട്ട ലഹരി വെക്കുകയുണ്ടായി. ഇവിടെ അഹ്മദി മുബല്ലിഗ് ഉണ്ട്, ഇസ്‌ലാമിന്റെ തബ്ലീഗിന്റെ മറവിൽ ഇയാൾ ഡ്രഗ്സിന്റെ കച്ചവടം നടത്തുകയാണെന്ന് പോലിസിന് വിവരം നൽകി. പോലീസ് നടപടി സ്വീകരിച്ചു ഓഫീസിൽ തിരച്ചിൽ നടത്തിയപ്പോൾ അയാൾ പറഞ്ഞ പ്രകാരം സീലിംഗിന്റെ ഭാഗം പരിശോധിച്ചപ്പോൾ ഡ്രഗ്സ് ലഭിക്കുകയുണ്ടായി. ഏതോ എതിരാളി ഒളിപ്പിച്ച പണിയാണിതെന്ന് പോലിസിനോട് പറഞ്ഞപ്പോൾ അവർ ഒന്നും കേൾക്കാൻ തയ്യാറായില്ല. ഞങ്ങൾ ഞങ്ങളുടെ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞു, നമ്മുടെ മുബല്ലിഗിനെ പോലീസ് സ്റ്റേഷനിലേക്ക് കോണ്ടുപോയി ലോക്കപ്പിലടച്ചു. അടുത്ത ദിവസം കേസ് കോടതിയിൽ സമർപ്പിച്ചു. അപ്പോൾ ജഡ്ജ് തിയതി നീട്ടി. ഇവിടെ എന്നെയും അറിയിച്ചു അവർക്ക് ഞാൻ ദുഃആയിലൂടെ മറുപടി നൽകി.

പറയുന്നു: ''രണ്ടാമത് വിചാരണക്കായി ഹാജറാക്കപ്പെട്ടു. ഞാൻ കോടതിയിൽ വിചാരണക്കായി ജഡ്ജിയുടെ മുന്നിൽ നിൽക്കുമ്പോൾ ജഡ്ജ് സസൂക്ഷ്മം എന്നെ നിരീക്ഷിക്കുമായിരുന്നു. പിന്നെ ''ജെന്റിൽമാൻ സിറ്റ്ഡൗൺ'' എന്ന് പറഞ്ഞ് എന്നെ ഇരുത്തുമായിരുന്നു. പിന്നെ വക്കീൽമാർക്ക് ഡേറ്റ് നീട്ടി നൽകുമായിരുന്നു. കോടതിയിൽ ഹാജറാകേണ്ടതിന് രണ്ടു ദിവസം മുമ്പ് സുബഹ് നമസ്കാരത്തിന് ശേഷം ആശങ്കയോടെ ഒരുപാട് ദുആ ചെയ്യുകയും ഖുർആൻ പാരായണം ചെയ്യുകയും ചെയ്തപ്പോൾ ഖുർആനിൽ നിന്ന് കാര്യം നോക്കാമെന്ന് തോന്നി. അങ്ങനെ ഖുർആൻ തുറന്നാൽ ശ്രദ്ധയിൽ പെടുന്ന വാക്കിൽ എന്തെങ്കിലും സന്ദേശമുണ്ടാവുമെന്ന് കരുതി ഖുർആൻ തുറന്നപ്പോൾ يَا نَارُ كُونِي بَرْدًا وَسَلَامًا عَلَىٰ إِبْرَاهِيمَ എന്ന ആയത്തിലാണ് ദൃഷ്ടി പതിഞ്ഞത്. ഇതു മുഖേന മനസ്സിന് ആശ്വാസമായി. നല്ല സന്ദേശമാണ്. കുറച്ച് കഴിഞ്ഞ് ഞാൻ പോസ്റ്റോഫീസിൽ കത്ത് വാങ്ങാൻ പോയപ്പോൾ ഹുസൂറിന്റെ കത്തും എനിക്ക് വന്നിരുന്നു. അല്ലാഹു താങ്കളെ എല്ലാ ശിർക്കിൽ നിന്നും രക്ഷിക്കട്ടെ. സുരക്ഷിതനാക്കട്ടെ. കപടന്മാരുടെ ഗൂഢാലോചനകൾ പരാജയപ്പെടുത്തട്ടെ. ജമാഅത്തിനെ എല്ലാ പരീക്ഷണങ്ങളിൽ നിന്നും രക്ഷിക്കട്ടെ. കൂടുതൽ അഭിവൃദ്ധി നൽകട്ടെ എന്ന് അതിൽ എഴുതിയിരുന്നു. ഈ കത്ത് വായിച്ചതിനും അത് കണ്ടതിനും ശേഷം അല്ലാഹു തീർച്ചയായും അനുഗ്രഹിക്കുന്നതാണെന്ന വിശ്വാസം എന്റെ ഹൃദയത്തിൽ ആണിയെ പോലെ തറക്കുകയുണ്ടായി. അല്ലാഹു അനുഗ്രഹിക്കുന്നതാണെന്നുമുള്ള ഈ സുവാർത്ത ഞാൻ ചില സഹോദരന്മാരേയും അറിയിച്ചു. ഞാൻ കോടതിയിൽ ഹാജറായപ്പോൾ പഴയ പോലെ ജഡ്ജ് എന്നെ ഇരുത്തുകയുണ്ടായി. വക്കീലന്മാരോട് സംസാരിച്ചതിനു ശേഷം എന്നോട് ''നീ സ്വതന്ത്രനാണ് നീ പോയി നിന്റെ പ്രവർത്തനം നടത്തിക്കൊള്ളുക. നിനക്കെതിരെ ഒരു കേസുമില്ല'' എന്ന് പറഞ്ഞു, ഈമാൻ ദൃഢമാണെങ്കിൽ അല്ലാഹുവിന്റെ ശക്തിയിൽ ഉറച്ച വിശ്വാസമുണ്ടായിരിക്കുന്നതാണ്.'' മനുഷ്യൻ കേവലം അല്ലാഹുവിലേക്ക് മാത്രം നോക്കുന്നതാണ്. അല്ലാഹു ദൃഷ്ടാന്തങ്ങൾ കാണിച്ച് കൊണ്ടിരിക്കുന്നു.

ഈ കാര്യങ്ങൾ സ്വന്തം ഈമാൻ ദൃഢപ്പെടുത്തുകയും തങ്ങളുടെ കർമ്മപരമായ അവസ്ഥ നന്നാക്കിത്തീർക്കുകയും ചെയ്യുന്നതോടൊപ്പം ഇത് മറ്റുള്ളവർക്കും ഈമാന്റെ ദൃഢതക്കുള്ള ഹേതുവാകുന്നു. ഇക്കാര്യങ്ങൾ നേടാനാണ് നാം ശ്രമിച്ചു കൊണ്ടിരിക്കേണ്ടത്.

മുമ്പ് പറഞ്ഞ കർമ്മപരമായ പരിഷ്ക്കരണത്തിനുള്ള രണ്ടാമത്തെ കാര്യം, വൈജ്ഞാനിക ശക്തിയാണ് അല്ലെങ്കിൽ അറിവാണ്. മുമ്പ് പറഞ്ഞതാണ് വീണ്ടും പറയുകയാണ്. ചില തെറ്റുകൾ വലുതും ചില തെറ്റുകൾ ചെറുതുമാണ് എന്ന് തെറ്റായി മനസ്സിലാക്കിയിരിക്കുകയാണ്. ഇതിന്റെ ഫലമായി മനുഷ്യൻ ചെറുതെന്ന് കരുതുന്ന തെറ്റുകൾ അവരുടെ ഹൃദയത്തിലും ചിന്തയിലും അടിഞ്ഞു കൂടുന്നു. അതായത് ഇത് നിസ്സാര കാര്യമാണ്. തെറ്റേ അല്ല. നിസ്സാര തെറ്റായ കാരണത്താൽ കൂടുതലൊന്നും ചോദിക്കപ്പെടുകയില്ല. മനുഷ്യൻ സ്വയം ഇങ്ങനെ ധരിച്ചു വച്ചിരിക്കും. കഴിഞ്ഞ ഖുത്ബകളിൽ ഒരു പക്ഷേ രണ്ടാഴ്ച്ച മുമ്പ് അസായിലം അപേക്ഷിച്ചു തങ്ങളുടെ കേസ് അംഗീകരിപ്പിക്കാൻ കളവിൽ നിന്നും ഫലമെടുക്കാൻ ശ്രമിക്കുമ്പോൾ യഥാർത്ഥത്തിൽ അവർ അവരുടെ കേസ് മോശമാക്കുകയാണ് ചെയ്യുന്നത് എന്ന് ഞാൻ പറഞ്ഞിരുന്നു. സ്വന്തം കേസ് മാത്രമല്ല മോശമാക്കുന്നത്, മറിച്ച് ജമാഅത്തിന്റെ അന്തസ്സിൽ തന്നെ പോറലേൽപ്പിക്കുന്നു. എന്നാൽ എന്നൊട് ഒരാൾ പറഞ്ഞു ഖുത്ബ കേട്ട് അസായിലം സംബന്ധമായി വക്കീലിന്റെ അടുക്കൽ പോയപ്പോൾ വക്കീൽ സാഹിബ് അഹ്മദിയാണ് അയാളും ഖുത്ബ കേൾക്കുന്നുണ്ടായിരുന്നു. ഒരു പക്ഷേ ജമാഅത്തിന് സേവനം ചെയ്യുന്ന ആളുമാണ്. ആ വക്കീൽ അസയിലം നേടുന്ന ആളുടെ കേസ് റജിസ്റ്റർ ചെയ്തപ്പോൾ ചില തെറ്റായ കാര്യങ്ങളും അതിൽ എഴുതിച്ചേർത്തു. കേസ് ജയിക്കണമെങ്കിൽ ഇതൊക്കെ എഴുതേണ്ടിവരുമെന്ന് പറഞ്ഞു. യാഥാർത്ഥ്യവുമായി അതിന് പുലബന്ധം പോലുമുണ്ടായിരുന്നില്ല. കേസ് കൊടുത്തയാളോട് ഇതു കൂടാതെ നിങ്ങളുടെ കേസ് നിലനിൽക്കുകയില്ലെന്നും നിനക്ക് ഒന്നു കിട്ടുകയില്ലെന്നും തെറ്റായ വിവരണം നൽകേണ്ടത് അതുകൊണ്ട് ആവശ്യമാണെന്നും പറഞ്ഞു. എന്നാൽ തെറ്റായ പരാമർശമോ കളവോ ഒരിക്കലും പറയരുതെന്ന് ഞാൻ സ്പഷ്ടമായി പറഞ്ഞിരുന്നതാണ്. അഹ്മദികളുടെ മേൽ അക്രമ സംഭവങ്ങൾ ഇത്ര പ്രകടനവും സ്പഷ്ടവുമാണ്. ലോകത്തിനും അറിയാം ഇതിനായി ഏതെങ്കിലും വക്കീലിന്റെ കൗശലത്തിന്റേയോ കളവിന്റേയോ ആവശ്യം തന്നെയില്ല.

ആയതിനാൽ മുറബ്ബിമാരും ഭാരവാഹികളും കളവിൽ നിന്നും രക്ഷപ്പെടാൻ നിരന്തരം ഉപദേശിച്ചു കൊണ്ടിരിക്കേണ്ടതാണ്. ഏതു തിന്മയും ചെറുതും വലുതുമല്ല എന്ന കാര്യം നിരന്തരം ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കേണ്ടതായി വരും. തെറ്റ് തെറ്റ് തന്നെയാണ് ഇതിൽ നിന്നും നാം രക്ഷനേടേണ്ടതാണ്. എല്ലാ കളവും കളവു തന്നെയാണ്. കളവിന്റെ ശിർക്കിൽ നിന്നും നാം രക്ഷനേടേണ്ടതാണ്.

അല്ലാഹുവുമായി നമ്മുടെ ബന്ധം സുദൃഢമാണെങ്കിൽ ആശങ്കപ്പെടേണ്ട കാര്യമില്ല. ദൃഷ്ടാന്തങ്ങൾ പ്രകടമാകുന്നതാണ്. മനുഷ്യൻ അത് കാണുകയും ചെയ്യും. എന്നാൽ ഉപദേശിക്കുന്നവരും ഓർക്കേണ്ടത് അവരുടെ അവസ്ഥയും നിലവാരമുള്ളതായിരിക്കണം. തങ്ങളുടെ ഇച്ഛാ ശക്തി ഉയർത്താനുള്ള ശ്രമത്തിലായിരിക്കണം കർമ്മപരമായും അവരുടെ വാക്കിലും പ്രവൃത്തിയിലും താദാത്മ്യം പുലർത്തിയിരിക്കണം. പറയുന്നതൊന്നും പ്രവർത്തിക്കുന്നത് മറ്റൊന്നുമായവരുടെ ഗണത്തിൽ ഉൾപ്പെടരുത്.

എന്തായാലും ജമാഅത്തുകളിൽ നിരന്തരം ദർസുകളിലുമെല്ലാം വിശ്വാസത്തിൽ ദൃഢത വരുത്തുന്ന കർമ്മപരമായ അവസ്ഥ മെച്ചപ്പെടുത്തുന്നതിനായി, വൈജ്ഞാനിക ബലഹീനത ദുരീകരിക്കപ്പെടുന്നതിനായി ഊന്നൽ നൽകേണ്ട ആവശ്യമുണ്ട്. എല്ലാവരും താന്താങ്ങളുടെ അധികാര പരിധിയിൽ പ്രവർത്തിക്കാൻ തുടങ്ങിക്കഴിഞ്ഞാൽ ഒരു പ്രകടമായ മാറ്റം കാണാൻ കഴിയുന്നതാണ്.

ഇക്കാലത്ത് അറിവിന്റെ പേരിൽ കുട്ടികൾക്ക് സ്കൂളിൽ വിവിധ തിന്മകളെ കുറിച്ചും പറഞ്ഞു കൊടുക്കുന്നുണ്ട്. നമ്മുടെ വ്യവസ്ഥിതി കുട്ടികളിലും യുവാക്കളിലും മുമ്പത്തേക്കാളുപരി യാഥാർത്ഥ്യത്തെക്കുറിച്ച് അവബോധം ഉണ്ടാക്കിയെടുക്കേണ്ടതാണ്. മാതാപിതാക്കൾ തങ്ങളുടെ അവസ്ഥ നോക്കിക്കൊണ്ട് കുട്ടികൾക്ക് ചെറുപ്പത്തിൽ അറിവിന്റെ പേരിൽ സ്കൂളുകളിൽ നൽകപ്പെടുന്ന അറിവിന്റെ അപകടത്തെ കുറിച്ച് തങ്ങളേയും തങ്ങളുടെ കുട്ടികളേയും രക്ഷപ്പെടുത്തുന്നതിനായി അവബോധമുള്ള വരാക്കിത്തീർക്കേണ്ടതാണ്. ചെറിയ പ്രായത്തിൽ തന്നെ ചില അനാവശ്യകാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നു. നന്മയും തിന്മയും തിരിച്ചറിയുന്നതിനാണിതെന്നും പറയപ്പെടുന്നു. എന്നാൽ യഥാർത്ഥത്തിൽ നന്മയും തിന്മയും തിരിച്ചറിയുകയല്ല മറിച്ച് കുട്ടികളിൽ ഭൂരിപക്ഷത്തിന്റെയും ചിന്ത ചെറുപ്രായത്തിൽ തന്നെ തെറ്റായ ചിന്ത വെച്ചു പുലർത്തുന്ന രീതിയിലായിത്തീരുന്നു. അവരുടെ മാതാപിതാക്കളുടെ മാതൃക അല്ലെങ്കിൽ അവരുടെ ചുറ്റുപാടിലുള്ള മാതൃകകൾ മോശമായത് കൂടുതലും നല്ലത് കുറവുമായിരിക്കും.

ആയതിനാൽ മുബല്ലിഗ്മാരും ഭാരവഹികളും, ശാഖ സംഘടനയുടെ ഭാരവാഹികളും, മാതാപിതാക്കളും ഒത്തൊരുമിച്ച് ശ്രമിക്കേണ്ടതായിവരും. തെറ്റായ അറിവിനു പകരം ശരിയായ അറിവ് നേടാനുള്ള സംവിധാനമൊരുക്കുക. സ്കൂളിലെ രീതിയെ നമുക്ക് തടയാൻ കഴിയില്ല. അവിടെ നമുക്ക് ഇടപെടാനും കഴിയില്ല. എന്നാൽ ദുഷിച്ചതും, നിർലജ്ജവുമായതിന്റെ വ്യത്യാസം പറഞ്ഞുകൊടുത്തുകൊണ്ട്, കുട്ടികളെ വിശ്വാസത്തിലെടുത്ത്കൊണ്ട്, തങ്ങളുടെ കർമ്മപരമായ മാതൃക കാട്ടിക്കൊണ്ട് ചുറ്റുപാടിന്റെ ദുഷ്പ്രഭാവത്തിൽ നിന്നും രക്ഷപ്പെടുത്താൻ സാധിക്കുന്നതാണ്. *അല്ലാഹു നമുക്കെല്ലാവർക്കും നമ്മുടെ ഉത്തരവാദിത്വങ്ങൾ നല്ല നിലയിൽ നിറവേറ്റാനുള്ള സൗഭാഗ്യം പ്രദാനം ചെയ്യട്ടെ. ആമീൻ.*

നമസ്കാരത്തിന് ശേഷം രണ്ട് ജനാസ ഗാഇബ് നമസ്കാരം ഞാൻ നിർവ്വഹിക്കുന്നതാണ്. ഒന്നാമത്തേത് ബഹുമാന്യ നവാബ്ബീബി സാഹിബയുടേതാണ്. ഇവർ ഹാഫിസാ ബാദിലെ മാങ്കോഡുച്ച നിവാസിയായിരുന്നു. ഗയാനയിലെ നമ്മുടെ മുബല്ലിഗ് ഇഹ്സാനുള്ളാഹ് മാങ്കഡ് സാഹിബിന്റെ മാതാവായിരുന്നു. 2014 ജനുവരി 19 ന് വഫാത്തായി إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ

ഇവരുടെ പിതാവിന്റെ കുടുംബം ശേഖ്പുര ജില്ലയിലെ അജിയാവാലയിൽ നിന്നാണ്. മാതാവിന്റെ കുടുംബം ഹാഫിസാബാദ് ജില്ലയിലെ മാങ്കേഡുച്ചയിൽ നിന്നാണ്. ഇവർ ഹദ്റത് മസീഹ് മൗഊദ് عليه السلام സഹാബിയായ ഹ. നാസിമുദ്ദീൻ മാങ്കട് സാഹിബിന്റെ ദൗഹിത്രി പുത്രിയായിരുന്നു. ലോലഹൃദയയും അതിഥി സൽക്കാര പ്രിയയും ദരിദ്രരെ സേവിക്കുന്നവരും ആത്മാർത്ഥതയുമുള്ള നല്ല സ്ത്രീയായിരുന്നു. ഗ്രാമങ്ങളിൽ അഹ്മദികളും അനഹ്മദികളും ഇവരെ വളരെയധികം ബഹുമാനിച്ചിരുന്നു. മുറബ്ബിമാരോട് വളരെ സ്നേഹത്തോടും വാത്സല്യത്തോടും കൂടി പെരുമാറുമായിരുന്നു. ഖിലാഫത്തുമായി ശക്തമായ വിശ്വാസമുണ്ടായിരുന്നു. ഖിലാഫത്തിനെ കുറിച്ച് പല പഞ്ചാബി കവിതകളും ഇവർ രചിക്കുകയും കേൾപ്പിക്കുകയും ചെയ്യുമായിരുന്നു. ഇവർക്ക് 3 ആൺമക്കളും 3 പെൺമക്കളും ഉണ്ട്. ഗയാനയിലെ മുബല്ലിഗ് ഇൻചാർജായ ഇഹ്സാനുള്ള മാങ്കഡ് സാഹിബിന്റെ മാതാവാണ്. രാജ്യത്തിന് പുറത്തായ കാരണത്താൽ അദ്ദേഹത്തിന് മാതാവിന്റെ ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞിട്ടില്ല. *അല്ലാഹു അദ്ദേഹത്തിന് ക്ഷമയും ധൈര്യവും പ്രദാനം ചെയ്യട്ടെ. പരേതയുടെ പദവികൾ ഉയർത്തുമാറാകട്ടെ.*

രണ്ടാമത്തെ ജനാസ ബഹുമാന്യ ശേഖ് അബ്ദുർറശീദ് ശർമ സാഹിബിന്റേതാണ്. സിന്ദിലെ ശികാർപൂർ നിവാസിയായിരുന്നു. 2014 ജനുവരി 16 ന് 90 ാം വയസ്സിൽ വഫാത്തായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ

ഹ. മസീഹ് മൗഊദ് عليه السلام ന്റെ സഹാബിയായിരുന്ന ശേഖ് അബ്ദുർറഹീം ശർമ്മ സാഹിബിന്റെ മകനായിരുന്നു. ഇവിടെയുണ്ടായിരുന്ന മൗലവി അബ്ദുൽ കരീം ശർമ്മ സാഹിബിന്റെ സഹോദരനായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 50 വർഷത്തിൽ അധികം സിന്ദിലെ ശികാർപൂരിൽ നല്ലനിലയിൽ ജമാഅത്തിന് സേവനം ചെയ്യാനുള്ള ഭാഗ്യം ലഭിച്ചു. വിഭജനത്തിന് മുമ്പ് ഖാദിയാനിൽ ഹദ്റത് മിർസാ ശരീഫ് അഹ്മദ് സാഹിബിന്റെ ഫാക്ടറിയിൽ വളരെ അദ്ധ്വാനത്തോടും ആത്മാർത്ഥതയോടും കൂടി സേവനം ചെയ്യാനുള്ള ഭാഗ്യം ലഭിച്ചു. പാക്കിസ്ഥാൻ രൂപീകരിച്ച വേളയിൽ ഹദ്റത് മുസ്‌ലിഹ് മൗഊദ് رضي الله عنه ന്റെ ചില പ്രത്യേക നിർദ്ദേശങ്ങൾ പാലിക്കാനുള്ള ഭാഗ്യം ലഭിച്ചു.

വിഭജനത്തിന് ശേഷം തൊഴിലൊന്നുമുണ്ടായിരുന്നില്ല.

പിന്നീട് എന്റെ പിതാവായ സാഹിബ് സാദാ മിർസാ മൻസൂർ അഹ്മദ് സാഹിബിന്റെ നിർദ്ദേശപ്രകാരം ശിക്കാർപൂരിൽ പോവുകയും ഒരു ഫാക്ടറി തുടങ്ങുകയും ചെയ്തു. അവിടെപോയി അഹ്മദികളെ കണ്ടെത്തി ജമാഅത്ത് രൂപീകരിച്ചു. അവിടത്തെ ആദ്യത്തെ സദ്ർ ഇദ്ദേഹം തന്നെയായിരുന്നു. തന്റെ ഫാക്ടറിയുടെ തോട്ടത്തിൽ സുന്ദരമായൊരു പള്ളി പണിയാനുള്ള ഭാഗ്യവും ഇദ്ദേഹത്തിന് ലഭിച്ചു. ഖലീഫത്തുൽ മസീഹ് റാബിഅ് ഇദ്ദേഹത്തെ സക്കർ, ശികാരപൂർ, ജേക്കബ് ആബാദ്, റപ്പോട്ട് എന്നീ നാലു ജില്ലകളുടെ അമീറായി നിയമിച്ചിരുന്നു. 1982 ൽ ഇദ്ദേഹത്തിന്റെ ഭാര്യ വഫാത്തായി. 31 വർഷക്കാലം ഇദ്ദേഹം അങ്ങേയറ്റം ക്ഷമയോടും ധൈര്യത്തോടും കഴിച്ചുകൂട്ടി. ഇക്കാലയളവിൽ 1995 അങ്ങയുടെ ഒരു മകൻ ശേഖ് മുസഫർ അഹ്മദ് സാഹിബിനെ ശിക്കാർപൂരിൽ ശഹീദാക്കി. 1997 ൽ അങ്ങയുടെ മൂത്ത മകൻ മുബാറക്ക് അഹ്മദ് ശർമ്മ സാഹിബിനെ കലാപത്തിനിടയിൽ ശഹീദാക്കി. എന്നാൽ അങ്ങയുടെ സ്ഥൈര്യത്തിന് ഒരു കോട്ടവും തട്ടിയില്ല. എപ്പോഴും അല്ലാഹുവിനോട് നന്ദിയുള്ളവനായി നിലകൊണ്ടു.

വളരെ ധൈര്യവും സ്ഥൈര്യവുമുള്ള ആളായിരുന്നു. അഹ്മദിയ്യത്തിന്റെ എതിരാളികളുടെ ഒരു പ്രകടനം ഒരിക്കൽ ശിക്കാർപൂരിലുള്ള അദ്ദേഹത്തിന്റെ വീട്ടിലും ഫാക്ടറിയിലും അക്രമണം നടത്തിയപ്പോൾ ഒറ്റക്ക് സധൈര്യം അതിനെ നേരിടുന്നതിനായി പുറത്തേക്ക് വന്നു. പോലിസെല്ലാം നോക്കിനിൽക്കുകയായിരുന്നു. അദ്ദേഹം മുന്നോട്ട് കുതിച്ച് പ്രകടനത്തിന് നേതൃത്വം നൽകുന്ന മൗലവിയെ പിടികൂടി. ഈ കാഴ്ച്ച കണ്ട് മുഴുവൻ പ്രകടനക്കാരും ഓടിപ്പോയി. പോലീസുകാരും അതിശയിച്ചു പോയിരുന്നു. ഈ പ്രകടനത്തെ എങ്ങനെയാണ് താങ്കൾ ഓടിച്ചു വിട്ടതെന്ന് അവർ ചോദിക്കുമായിരുന്നു. അതിനുശേഷം ഇദ്ദേഹം ഇസ്ലാമാബാദിലേക്ക് താമസം മാറി. ഖിലാഫത്തുമായി സുദൃഢബന്ധമുണ്ടായിരുന്നു. സാമ്പത്തിക ത്യാഗത്തിൽ എപ്പോഴും മുൻപന്തിയിലായിരുന്നു. മഹാത്മാക്കളുടെ പേരിലും കൃത്യമായി ചന്ദ നൽകുമായിരുന്നു. പാകിസ്ഥാനിലെ പല പള്ളി നിർമ്മാണത്തിനും വലിയ സാമ്പത്തിക ത്യാഗം ചെയ്തു. മൂസിയായിരുന്നു. മുഴുവൻ വർഷത്തേയും ഹിസ്സ ആമദ് വർഷത്തിന്റെ തുടക്കത്തിൽ നൽകുമായിരുന്നു.

ഇദ്ദേഹത്തിന് 5 ആൺമക്കളും 5 പെൺമക്കളും ഉണ്ടായിരുന്നു. ഒരു മകൾ നൈജീരിയയിൽ ഡോക്ടർ മലിക് മുദസ്സർ സാഹിബിന്റെ ഭാര്യാ വഖ്ഫെ സിന്ദകിയായ ഡോക്ടർ ഫൗസിയ സാഹിബ. ഡോക്ടർ ലയീക്ക സാഹിബയും അവരുടെ ഭർത്താവും നൈജീരയയിൽ സേവനം ചെയ്യുന്നു. ഇദ്ദേഹത്തിന്റെ പേരമകൻ സുഹൈൽ മുബാറക് ശർമ്മ സാഹിബ് മുറബ്ബി സിൽസിലക്ക് ഇപ്പോൾ പാകിസ്ഥാനിൽ സദ്ർ ഖുദ്ദാമുൽ അഹ്മദിയ്യയായി സേവനം ചെയ്യാൻ ഭാഗ്യം ലഭിച്ചുകൊണ്ടിരിക്കുന്നു. *അല്ലാഹു ഇദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ഇദ്ദേഹത്തിന്റെ മക്കൾക്കും തലമുറക്കും നല്ലനിലയിൽ തങ്ങളുടെ മഹാത്മാക്കളുടെ കാലടികൾ പിന്തുടരാനുള സൗഭാഗ്യം പ്രദാനം ചെയ്യട്ടെ. ജമാഅത്തുമായുള്ള ഈ കൂറിന്റെ ബന്ധം നിലനിർത്താനുള്ള സൗഭാഗ്യവും പ്രദാനം ചെയ്യട്ടെ. ആമീൻ.*

**PRINTED BOOKS**

**To**

**From,**
**AHMADIYYA JAMA-AT**
**" Baitul Quddoos "**
**G.H.Road, Calicut -1**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2014 January 24 at : Baitul Futuh Mosque, London.
Translation: P. Abdunnasir Paththappiriyam 09446766960

Typing: A.T. Nasarudheen Calicut
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, Calicut Zilla.**